## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66 | 11.06.2014-ൽ മറുപടിക്ക്

### അട്ടപ്പാടി ശിശുമരണ നിവാരണ ആരോഗ്യ പാക്കേജ്

**ചോദ്യം**

ശ്രീ. കെ. വി. വിജയദാസ് :
,, എ. കെ. ബാലൻ :
,, എം. ഹംസ :
ശ്രീമതി. കെ. എസ്. സലീഖ :

(എ) അട്ടപ്പാടിയിൽ വീണ്ടും നവജാത ശിശുക്കൾ മരിക്കാനിടയായ സാഹചര്യത്തിൽ ഈ മേഖലയിൽ ആരോഗ്യ വകുപ്പ് നടത്തിയ ഇടപെടലുകൾ അറിയിക്കാമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) 2013 ജനുവരിയിൽ അട്ടപ്പാടിയിൽ ശിശുമരണ നിരക്ക് കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തൂക്കക്കുറവുള്ള കുട്ടികളെ സ്ക്രീനിംഗ് ക്യാമ്പുകൾ വഴി കണ്ടെത്തി അടിയന്തിര ചികിത്സ ലഭ്യമാക്കുകയും പുതിയതായി ആരംഭിച്ച അഗളി, പുതൂർ, ഷോളയൂർ എന്നിവിടങ്ങളിലെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകളിൽ അഡ്മിറ്റ് ചെയ്ത് ചികിത്സിച്ച് വരുന്നു .

ഗർഭിണികളുടെയും കുട്ടികളുടെയും വിളർച്ച തടയുന്നതിനും ചികിത്സയ്ക്കും ആവശ്യമായ അയൺ ഫോളിക് ആസിഡ് ഗുളികകൾ ഫീൽഡ് വർക്കർമാർ വഴിയും ആരോഗ്യ സ്ഥാപനങ്ങളിലും ആവശ്യത്തിന് ലഭ്യമാക്കി.

അട്ടപ്പാടി മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ഡോക്ടർമാർ അടക്കമുള്ള 75 ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിച്ചും ജീവനക്കാരെ നിയമിച്ചും ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന 2 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് പുറമേ മൂന്ന് ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കൂടി പ്രവർത്തനം ആരംഭിച്ചു.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെയും ശിശുരോഗ വിദഗ്ദരുടേയും സേവനം 24 മണിക്കൂറും ലഭ്യമാക്കിയിട്ടുണ്ട്. നവജാത ശിശുപരിചരണത്തിനുള്ള സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് ഇവിടെ പ്രവർത്തനം ആരംഭിച്ചു.

അട്ടപ്പാടിയിലെ 28 ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അധികമായി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിനെ വീതം നിയമിക്കുകയും ചെയ്തു .

(....2)

ഡോക്ടർമാർക്കും മറ്റ് അനുബന്ധ ജീവന ക്കാർക്കും ആവശ്യമായ പരിശീലന പരിപാടി കൾ നടപ്പിലാക്കിയിട്ടുണ്ട്.

ഐ.സി.ഡി.എസ്. പ്രോഗ്രാം, കുടുംബശ്രീ, പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് എന്നിവ വഴി ഗർഭി ണികൾക്കും, കൗമാരപ്രായക്കാരായ പെൺകുട്ടി കൾക്കും ആവശ്യമായ പോഷകാഹാരം ലഭ്യമാ ക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. കമ്മ്യൂണിറ്റി കിച്ചൺ വഴി ഊരുകളിൽ ഭക്ഷണം നൽകി വരുന്നു.

ജാതക്-ജനനി സോഫ്റ്റ്‌വെയർ സംവി ധാനം വഴി കുഞ്ഞുങ്ങളുടേയും, ഗർഭിണികളു ടെയും വിവരങ്ങൾ ശേഖരിച്ച് മോണിറ്റർ ചെയ്യുന്ന പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

അട്ടപ്പാടിയിൽ നടപ്പിലാക്കിയ വിവിധ പ്രവർ ത്തനങ്ങളുടെ ഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 2014 -ൽ ഇതുവരെ 4 മരണങ്ങൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇവ ഓരോന്നും പരിശോധിച്ച് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(ബി) മുൻവർഷം ശിശുമരണത്തെ തുടർന്ന് പ്രഖ്യാപിച്ച പ്രത്യേക ആരോഗ്യ പാക്കേജ് വിശദീകരിക്കുമോ ;

(ബി) ആരോഗ്യ സ്ഥാപനങ്ങളിൽ ന്യൂട്രീഷ്യൻ റീഹാ ബിലിറ്റേഷൻ സെന്ററുകൾ തുടങ്ങുക, ലാബ് സൗകര്യം വർദ്ധിപ്പിക്കുക, ഇവിടത്തേക്ക് ആവ ശ്യമായ ഉപകരണങ്ങൾ വാങ്ങുക, ആവശ്യമായ ഉപകേന്ദ്രങ്ങളുടെ നവീകരണം, പുതിയ ഉപ കേന്ദ്രങ്ങളുടെ നിർമ്മാണം, ട്രൈബൽ കമ്മ്യൂ ണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പാക്കേജ് പ്രാവർത്തികമായോ ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) പാക്കേജിൽ ഉൾക്കൊള്ളിച്ചിരുന്ന ഒട്ടുമിക്ക പ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞിട്ടുണ്ട്. സി.എച്ച്.സി. അഗളി, പി.എച്ച്.സി. ഷോളയൂർ, പുതൂർ എന്നിവിടങ്ങളിൽ ന്യൂട്രീഷ്യൻ റീഹാബി ലിറ്റേഷൻ സെന്ററുകൾ പ്രവർത്തനക്ഷമമാക്കി യിട്ടുണ്ട്. ലാബ് സൗകര്യം വർദ്ധിപ്പിക്കൽ, ആശുപത്രിയിലേക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കൽ, ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നവീക രണം, അധികമായി ഓരോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെ നിയമിക്കൽ എന്നീ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ട്രൈബൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഊരുകളിൽ നടത്തി വരുന്നു. പുതിയ സബ് സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ക്കായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി കൾ കൈക്കൊണ്ട് വരുന്നു.

(ഡി) അധികമായി പ്രഖ്യാപിച്ച തസ്തിക കളിൽ നിയമനം നടത്തിയോ ; വിശദ വിവരം നൽകാമോ ?

(ഡി) കോട്ടത്തറ ട്രൈബൽ ആശുപത്രി, സി.എച്ച്.സി. അഗളി, പി.എച്ച്.സി. പുതൂർ എന്നിവിടങ്ങളിൽ പുതിയതായി സൃഷ്ടിച്ച തസ്തികകളുടേയും നിലവിലുണ്ടായിരുന്ന തസ്തികകളുടേയും ഇപ്പോൾ ജോലി ചെയ്യുന്നവരുടേയും വിവരങ്ങളും നിലവിലുള്ള ഒഴിവുകളും അഡ്ഹോക്ക് വ്യവസ്ഥയിൽ നൽകിയിരിക്കുന്ന നിയമനങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പുതിയതായി സൃഷ്ടിച്ച 8 ഡോക്ടർമാരുടെയും, ഒരു ഡെന്റൽ സർജന്റെയും അടക്കം 17 ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ച അഞ്ച് പേരടക്കം 15 ഡോക്ടർമാർ ജോലി ചെയ്യുന്നു. ഇവിടെ പുതിയതായി സൃഷ്ടിച്ച തസ്തികയടക്കം ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 -ന്റെ നാലും, ലാബ് ടെക്നീഷ്യന്റെ രണ്ടും ഒഴിവുകൾ ഉണ്ട്.

അഗളി സി.എച്ച്.സി. യിൽ പുതിയതായി സൃഷ്ടിച്ച ഡോക്ടർമാരുടെ 8 തസ്തികകൾ അടക്കം 13 ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ച ഏഴ് പേരടക്കം 13 പേർ ജോലി ചെയ്യുന്നുണ്ട്. സ്റ്റാഫ് നേഴ്സിന്റെ പുതിയതായി സൃഷ്ടിച്ച 9 തസ്തികകളും കൂടി കണക്കിലെടുക്കുമ്പോൾ 9 ഒഴിവുകളുണ്ട്. ഈ ഒഴിവുകളിൽ 9 പേരും ലാബ് ടെക്നീഷ്യന്റെ തസ്തികയിൽ ഒഴിവിൽ ഒരാളും അഡ്ഹോക്ക് വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 -ന്റെ രണ്ടും, ഫാർമസിസ്റ്റിന്റെ രണ്ടും, ലാബ് ടെക്നീഷ്യന്റെ ഒന്നും ഒഴിവുകൾ നിലവിലുണ്ട്.

പി.എച്ച്.സി. പുതൂരിൽ പുതിയതായി സൃഷ്ടിച്ച 4 ഡോക്ടർമാരുടേതടക്കം 5 ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ അഡ്ഹോക്ക് വ്യവസ്ഥ യിൽ മാത്രം 4 പേർ ജോലി ചെയ്യുന്നു. സ്റ്റാഫ് നേഴ്സിന്റെ ഒഴിവുള്ള 6 തസ്തികകളിൽ 6 പേരും ലാബ് ടെക്നീഷ്യന്റെ ഒഴിവുള്ള ഒരു തസ്തികയിൽ ഒരാളും അഡ്ഹോക്ക് വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 -ന്റെ മൂന്നും, ഡ്രൈവറുടെ ഒന്നും ഒഴിവുകൾ നിലവിലുണ്ട്.

ഈ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് സർജന്റെ ഒഴിവുകളും സ്പെഷ്യാലിറ്റി തസ്തികയിലെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചു വരുന്നു.

പാരാമെഡിക്കൽ ജീവനക്കാരുടേയും, മറ്റ് അനുബന്ധ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിനായി നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസ് വഴി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## DETAILS OF ADHOC POSTING IN ATTAPPADY AREA

Name of District : Palakkad

| Sl No | NAME OF INSTITUTION | Name of Post | | Santioned post | NO. OF NEWLY CREATED POST | TOTAL | INPOSITION | VACANT | NO.OF ADHOC POSTING |
|---|---|---|---|---|---|---|---|---|---|
| 1 | GTSH KOTTATHARA | ORTHOPAEDICS | JR.MC | 0... | 1 | 1 | 0 | 1 | — |
| | | GENERAL MEDICINE | JR MC | 0 | 1 | 1 | 0 | 1 | |
| | | ENT | JR.MC | 0 | 1 | 1 | 0 | 1 | |
| | | PSYCHIATRY | JR.MC | 0 | 1 | 1 | 0 | 1 | |
| | | CASUALTY MEDICAL OFFICER/ ASSISTANT SURGEON | JR.MC | 3 | 4 | 7 | 7 | 0 | 5 |
| | | SURGERY | JR.MC | 1 | | 1 | 0 | 1 | |
| | | GYNECOLOGY | JR.MC | 1 | | 1 | 1 | 0 | |
| | | ANEAETHESIA | JR MC | 1 | | 1 | 0 | 1 | |
| | | PAEDIATRIES | JR.MC | 1 | | 1 | 1 | 0 | |
| | | OPTHALMOLOGY | JR.MC | 1 | | 1 | 1 | 0 | |
| | | DENTAL ASSISTANT SURGEON | JR.MC | 0 | 1 | 1 | 0 | 1 | |
| | | LAB TECHNICIAN | | 1 | 2 | 3 | 1 | 2 | |
| | | Pharmacist | | 0 | 2 | 2 | 2 | 0 | |
| | | HOSPITAL ATTENDANT GR.II | | 4 | 4 | 8 | 4 | 4 | |
| | | RADIO GRAFER | | | 1 | 1 | 1 | 0 | |
| | | NURSING ASSISTANT | | 4 | 4 | 8 | 8 | 0 | |
| | | DRIVER | | 0 | 2 | 2 | 2 | 0 | |
| | | STAFF NURSE | | 5 | 14 | 19 | 4 | 15 | 15 |

| Sl.No | NAME OF INSTITUTION | Name of Post | | Santioned post | NO. OF NEWLY CREATED POST | TOTAL | INPOSITION | VACANT | NO.OF ADHOC POSTING |
|---|---|---|---|---|---|---|---|---|---|
| 2 | CHC AGALI | CASUALTY MEDICAL OFFICER/ ASSISTANT SURGEON | JR.MC | 5 | 4 | 9 | 6 | 3 | 7 |
| | | GYNECOLOGY | JR.MC | 0 | 1 | 1 | 0 | 1 | |
| | | PAEDIATRIES | JR MC | 0 | 1 | 1 | 0 | 1 | |
| | | GENERAL MEDICINE | JR.MC | 0 | 1 | 1 | 0 | 1 | |
| | | SURGERY | JR.MC | 0 | 1 | 1 | 0 | 1 | |
| | | NURSING ASSISTANT | | 4 | 2 | 6 | 6 | 0 | |
| | | HOSPITAL ATTENDANT GR.11 | | 4 | 2 | 6 | 4 | 2 | |
| | | STAFF NURSE | | 0 | 9 | 9 | 0 | 9 | 9 |
| | | LAB TECHNICIAN | | 1 | 1 | 2 | 0 | 2 | 1 |
| | | PHARMACIST | | 1 | 1 | 2 | 0 | 2 | 0 |
| 3 | PHC PUDUR | CIVIL SURGEON | JR.MC | | 1 | 1 | 0 | 1 | 4 |
| | | ASSISTANT SURGEON | JR.MC | 1 | 3 | 4 | 0 | 4 | |
| | | PHARMACIST | | 1 | 0 | 1 | 1 | 0 | |
| | | NURSING ASSISTANT | | 1 | 2 | 3 | 3 | 0 | |
| | | HOSPITAL ATTENDANT GR.11 | | 2 | 2 | 4 | 1 | 3 | |
| | | DRIVER | | 1 | 1 | 2 | 1 | 1 | |
| | | LAB TECHNICIAN | | 1 | 0 | 1 | 0 | 1 | 1 |
| | | STAFF NURSE | | 1 | 5 | 6 | 0 | 6 | 6 |
| | TOTAL | | | 45 | 75 | 120 | 54 | 66 | 48 |

DISTRICT MEDICAL OFFICER (H)
PALAKKAD